(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ആരെയെല്ലാം അംഗങ്ങളായി നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അയച്ചിരുന്നു. ജി.ഒ.(എംഎസ്.) നമ്പർ 21/2009/ആർ.ഡി തീയതി 12-1-2009 (എസ്.ആർ.ഒ. നം.20/2009)-ൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിരുന്നു. (പകർപ്പ് അനക്സർ - 1 ആയി ചേർത്തിരിക്കുന്നു.)*

(സി) സ.ഉ (പി) നമ്പർ 104/2015/ ആർ.ഡി തീയതി 13-3-2015 (എസ്.ആർ.ഒ. നമ്പർ 125/2015) നോട്ടിഫിക്കേഷൻ പ്രകാരം ബോർഡ് ചെയർമാനായി ശ്രീ.പി. ചന്ദ്രശേഖരനെയും അംഗങ്ങളായി ശ്രീ. എൻ. പരമേശ്വര കുമാർ, ശ്രീ. അനിൽ. റ്റി. വി, ശ്രീമതി ആഷാ. സി. ജി, ശ്രീ. എച്ച് ഗണേഷ് എന്നിവരെയും നിയമിച്ചിട്ടുണ്ട്.

ശബരിമല മാസ്റ്റർ പ്ലാൻ

107 (4910) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ; ഓരോ പ്രവൃത്തിയ്ക്കും എത്ര രൂപ ചെലവുവരും ; വിശദമാക്കാമോ ;

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി പണി പൂർത്തിയായത് ഏതൊക്കെ പദ്ധതികളാണ് ; മറ്റുള്ളവയുടെ പണികൾ ഏതു ഘട്ടംവരെയായി ; വിശദമാക്കാമോ ;

(സി) മാസ്റ്റർ പ്ലാനിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി പണി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകാനുള്ള കാരണം വ്യക്തമാക്കാമോ ; മാസ്റ്റർ പ്ലാനിലെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും ; വിശദമാക്കാമോ ;

(ഡി) മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയ നിലയ്ക്കൽ ബേസ്മെന്റിന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത് ; അയ്യപ്പഭക്തർക്ക് ചികിത്സ നൽകാനുള്ള ആശുപത്രിയുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആശുപത്രിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത് ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത് ;

(ഇ) നിലയ്ക്കൽ ബേസ്മെന്റിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ ; ഓരോ പ്രവൃത്തിയും ആരംഭിച്ചത് എന്നാണ് ; നിർമ്മാണം വൈകാനുണ്ടായകാരണം വ്യക്തമാക്കാമോ ; നിർമ്മാണത്തിനുണ്ടായ തടസ്സങ്ങൾ എന്തൊക്കെ ; ഇവ പരിഹരിക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ; പദ്ധതി എന്ന് പൂർത്തിയാക്കാനാവും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടേയും ഓരോ പ്രവൃത്തിക്കും വരുന്ന ചെലവും അടങ്ങുന്ന ലിസ്റ്റും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. (Annexure -I)*

(ബി) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പദ്ധതികളുടേയും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടേയും വിശദാംശങ്ങൾ അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. [Annexure-II (A) & (B)]*

(സി) ശബരിമല-കുന്നാർ ഡാമിന്റെ വാട്ടർ റീട്ടെയിനിംഗ് സ്ട്രെക്ച്ചറിന്റെ ഉയരം കൂട്ടുന്നതിനുള്ള പണികൾ ആരംഭിച്ചിട്ടില്ല. നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല.

(ഡി) 110 ഹെക്ടർ. അടിസ്ഥാന സൗകര്യങ്ങളായ ടോയ്ലറ്റ്, അക്കോമഡേഷൻ, വാട്ടർ സപ്ലൈ, ലൈറ്റ് സംവിധാനങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ, ആശുപത്രി, റോഡുകളുടെ വികസനം എന്നിവയാണ് നിലയ്ക്കൽ ബേസ് ക്യാമ്പിന്റെ വികസനവുമായി ബന്ധപ്പെടുത്തി നടത്തിയിട്ടുള്ളത്. നിലവിൽ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ ഗവൺമെന്റ് ആശുപത്രി പ്രവർത്തിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 50 വർഷത്തെ പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ശബരിമല മാസ്റ്റർ പ്ലാനിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ പാർക്കിംഗ് സൗകര്യങ്ങൾ, റോഡുകൾ, താമസ സൗകര്യങ്ങൾ, വാട്ടർ സപ്ലൈ, സ്ഥിരം വൈദ്യുതി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ദേവസ്വം ബോർഡ് നിയമനങ്ങൾ

108 (4911) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത തസ്തികകൾ ഒഴികെയുള്ളവയിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടുന്നതുവഴി ദേവസ്വം സ്ഥാപനങ്ങളുടെ താല്പര്യം ഹനിക്കപ്പെടാൻ എന്ത് സാഹചര്യമാണുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരണ നിയമത്തിൽ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും ബോർഡിനുകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലേക്കുള്ള നിയമന അധികാരവും പുതിയ റിക്രൂട്ട്മെന്റ് ബോർഡിന് വിടേണ്ടതില്ലെന്ന് തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) മുൻ പ്രസ്താവിച്ച തസ്തികകൾ ഒഴികെയുള്ളവ ഏതൊക്കെയെന്നും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലും പരമ്പരാഗത തസ്തികകളിലും ഏത് തരത്തിൽ നിയമനം നടത്താനാണുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെക്കുറിച്ച് അന്വേഷിക്കുവാൻ 2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് വേണമെന്ന് ശിപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് സർക്കാരും

LIBRARY ARCHIVES Kerala Legislative Assembly